(സി) പ്രസ്തുത പദ്ധതികളിൽ Kel I-ൽപ്പെട്ട 14 പാടശേഖരങ്ങളിൽ 7 പ്രവൃത്തികൾക്ക് എഗ്രിമെന്റുവച്ച് പ്രവൃത്തിയാരംഭിച്ചു. ബാക്കി 7 പ്രവൃത്തികൾ ടെണ്ടർ വിളിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Kel II-ൽപ്പെട്ട സി.ഡി., റാണി ചിത്തിര എന്നീ 4 പാടശേഖരങ്ങളുടെ പ്രവൃത്തികൾ നടന്നുവരുന്നു. ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ഡി) പാടശേഖരങ്ങളുടെ സമഗ്ര നവീകരണത്തിനായി ഇതുവരെ 1010 പാടശേഖരങ്ങൾ Flood Management Programme-ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻവേണ്ടി ഏകദേശം 2500 കോടി രൂപയിൽപ്പരംവരുന്ന എസ്റ്റിമേറ്റ് തുകയ്ക്കുള്ള വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി കേന്ദ്ര സർക്കാർ അനുമതിക്കായി ഇതുവരെ സമർപ്പിച്ചിട്ടുണ്ട്. ബാക്കി പാടങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു.

(ഇ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിലാണ്.

ഡാമുകളിൽനിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതി

97 (547) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതിക്ക് എന്നാണ് തുടക്കംകുറിച്ചത് ;

(സി) ഈ പദ്ധതി നടപ്പിലാക്കിയശേഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്തി എത്രപേർക്ക് ഇതുവരെ തൊഴിലവസരം പ്രദാനം ചെയ്യാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ എത്ര കോടി രൂപ വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കിയിരുന്നത് ;

(ഇ) ഈ പദ്ധതിനടത്തിപ്പിലൂടെ ഈ കാലയളവിൽ ഇതുവരെ എന്ത് വരുമാനം നേടാനായി എന്ന് അറിയിക്കുമോ ;

(എഫ്) വരുംവർഷങ്ങളിൽ ഈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ ഏതൊക്കെ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇതുവഴി എത്ര കോടി രൂപ വരുമാനമായി നേടാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2009 ഡിസംബറിൽ.

(സി) 970 പേർക്ക്.

(ഡി) ഈ വർഷം 300 കോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

(ഇ) ഈ കാലയളവിൽ 11.80 കോടി രൂപ.

(എഫ്) വരുംവർഷങ്ങളിൽ സംസ്ഥാനത്തെ താഴ്ചപ്പായുന്ന ഡാമുകളിൽനിന്നും എക്കലും മണലും നീക്കം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മലമ്പുഴ, പുമല, ചുള്ളിയാർ, വാഴാണി, പീച്ചി, ലോവർ പെരിയാർ, വാളയാർ, പോത്തുണ്ടി, മീൻകര, പഴശ്ശി, പെരുവണ്ണാമൂഴി, കക്കയം.

(ജി) പ്രതിവർഷം 300 കോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പമ്പ് ഹൗസുകൾ

98 (548) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പമ്പു ഹൗസുകളിൽ സ്റ്റാൻബൈ മോട്ടോറുകളും പമ്പുകളും നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ ;

(ബി) എല്ലാ പമ്പു ഹൗസുകളിലും സ്റ്റാൻബൈ മോട്ടോറുകളും പമ്പുകളും നൽകിയിട്ടുണ്ടോ ;

(സി) നിലവിലുള്ള പൈപ്പ് ലൈനുകൾ കൂടുതൽ സ്ഥലത്തേക്ക് ദീർഘിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) വാട്ടർ അതോറിറ്റിയുടെ പമ്പു ഹൗസുകളിലെ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിക്ക് ജില്ലാ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) പ്രത്യേക മാനദണ്ഡം ഇല്ല. പുതിയ ജലവിതരണ പദ്ധതികളിൽ സ്റ്റാന്റ്ബൈ പമ്പ് സെറ്റുകൾകൂടി സ്ഥാപിക്കാറുണ്ട്. നിലവിൽ പ്രധാന പമ്പ് ഹൗസുകളിൽ സ്റ്റാന്റ് ബൈ പമ്പുകൾ ഉണ്ട്.

(ബി) എല്ലാ പമ്പുഹൗസുകളിലും സ്റ്റാന്റ് ബൈ പമ്പുകൾ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly